# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *225** 18.06.2018 -ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ

ചോദ്യം

ശ്രീ.അനിൽ അക്കര
,, എ.പി. അനിൽ കുമാർ
,, എൽദോസ് പി. കുന്നപ്പിള്ളിൽ
,, ഐ.സി.ബാലകൃഷ്ണൻ :

ഉത്തരം

പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ഫണ്ടുകൾ ലഭിക്കുന്നതിന് സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പിന്റെ നിർദ്ദേശം നിലവിലുണ്ടോ; | (എ) | കേന്ദ്ര ഫണ്ടുകൾ ലഭിക്കുന്നതിന് സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന വിധത്തിലുള്ള കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ നിർദ്ദേശം റൂസക്ക് ലഭിച്ചിട്ടില്ല. റൂസ 1-ാം ഘട്ടത്തിലും 2-ാം ഘട്ടത്തിലും എയ്ഡഡ് കോളേജുകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിവിധ ഘടകങ്ങൾ (Components) ഉൾപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റൂസ 2-ൽ എയ്ഡഡ് കോളേജുകളെയും ഉൾപ്പെടുത്തി പദ്ധതികൾ സംസ്ഥാനം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനു കീഴിലെ റൂസയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എയിഡഡ് കോളേജുകളിൽ സ്വയംഭരണ കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾക്കും ഓട്ടോണമസ് കോളേജുകൾക്കും കേന്ദ്ര ഫണ്ട് അനുവദിക്കാൻ കേന്ദ്ര മാനവ വിഭവ ശേഷി | (ബി) | റൂസ 2-ൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനു കീഴിലെ റൂസയിൽ നിന്നും ലഭിച്ച വിവിധ അറിയിപ്പുകളെ അടിസ്ഥാനമാക്കി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തിരം സംസ്ഥാനത്തെ എയ്ഡഡ് |

| | | | |
|---|---|---|---|
| | മന്ത്രാലയത്തോട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ടോ; | | കോളേജുകളെയും ഉൾപ്പെടുത്തി വിവിധ ഘടകങ്ങളിലായി (Components) സ്ഥാപനങ്ങൾ നേരിട്ട് (ഓൺലൈനായി) അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴി റൂസ-MHRD-യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എയിഡഡ് കോളേജുകളിൽ സ്വയംഭരണ കോളേജുകളും ഉൾപ്പെടുന്നു. |
| (സി) | ഈ വർഷം രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ (റൂസ) മുഖേന പദ്ധതികൾ നടപ്പിലാക്കേണ്ട കോളേജുകളുടെ പട്ടികയിൽ എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും ഉൾപ്പെട്ടിട്ടുണ്ടോ; | (സി) | **2017-2020** കാലയളവിൽ നടപ്പിലാക്കുന്ന റൂസ **2**-ാം ഘട്ടവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളിൽ സംസ്ഥാനത്തു നിന്നും എയ്ഡഡ് കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രാഥമികമായി **96** എയ്ഡഡ് കോളേജുകളും, **9** ഗവൺമെന്റ് കോളേജുകളും, **5** എയിഡഡ് സ്വയംഭരണ കോളേജുകളും, **2** യൂണിവേഴ്സിറ്റികളുമാണ് റൂസയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾ അംഗീകരിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തി അന്തിമ പട്ടിക തയ്യാറാക്കുന്നതാണ്. |
| (ഡി) | സ്വയംഭരണ കോളേജുകൾക്കെതിരെ സ്വീകരിച്ചിരുന്ന നിലപാടിൽ നിന്നും സർക്കാർ പിന്നോക്കം പോയത് കൂടുതൽ കേന്ദ്ര ഫണ്ട് ലഭിക്കുന്നതിന് വേണ്ടിയാണോ; വ്യക്തമാക്കുമോ? | (ഡി) | സ്വയംഭരണ കോളേജുകൾ സംബന്ധിച്ച നിലപാടിൽ സർക്കാർ മാറ്റമൊന്നും വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ